മൂന്ന് വർഷത്തിൽ കുറയാതെയുള്ള ജയിൽ ശിക്ഷയോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകുന്നതിന് ഇലക്ട്രിസിറ്റി ആക്ട് 2003-ൽ കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റം രണ്ടാമതും ആവർത്തിക്കുകയാണെങ്കിൽ പത്തു കിലോ വാട്ടിൽ കവിഞ്ഞ കേസുകളിൽ ആറുമാസത്തിൽ കുറയാത്തതും അഞ്ച് വർഷം വരെ നീളുന്നതുമായ ജയിൽ ശിക്ഷയും പിഴയും നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ജി) ചട്ടപ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

വൈദ്യുതി മോഷണം സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

28 [3168] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം നടത്തിയത് സംബന്ധിച്ചുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ ഇവ ഏതൊക്കെ എന്ന് ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) വൻകിട കമ്പനികൾ വൈദ്യുതി മോഷണം നടത്തുന്നത് ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-2003 വർഷത്തിൽ വൈദ്യുതി മോഷണം നടത്തിയ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവ ഏതൊക്കെയെന്ന് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സ്വീകരിക്കുന്നുണ്ട്.

സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിൽ നിലവിലുള്ള സ്ഥലവും ഫലവൃക്ഷങ്ങളും

29 [3169] ശ്രീ. ബി. സുഗതൻ:
,, കെ. സി. ജോസഫ്:
,, ടി. എൻ. പ്രതാപൻ:
,, ലൂഡി ലൂയിസ്:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിൽ എത്ര ഹെക്ടർ സ്ഥലമുണ്ട്;

(ബി) ഈ ഭൂമിയിൽ ഫലവൃക്ഷങ്ങൾ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഇവയുടെ ഫലം ബോർഡ് തന്നെ ശേഖരിച്ചു വിൽക്കുകയാണോ; അതോ ശേഖരിക്കുവാനുള്ള അവകാശം ലേലം ചെയ്ത് കൊടുക്കുകയാണോ ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കഴിഞ്ഞ രണ്ട് വർഷങ്ങളിലോരോന്നിലും ബോർഡിന്റെ വക ഭൂമിയിലെ ഫലവൃക്ഷങ്ങളുടെ ഫലം വിൽക്കുകയോ ലേലം ചെയ്യുകയോ ചെയ്ത വകയിൽ എന്തു തുക വീതം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിൽ സ്വന്തമായി 3645.3 ഹെക്ടറും, പാട്ടത്തിനെടുത്ത വന ഭൂമിയും മറ്റുമായി 13.367 ഹെക്ടറും സ്ഥലമുണ്ട്.

(ബി) ഉണ്ട്.

(സി) ബോർഡ് നേരിട്ട് ശേഖരിച്ച് വിൽക്കുകയും, ശേഖരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് കൊടുക്കുകയും ചെയ്യുന്നുണ്ട്;

(ഡി) 2001-2002-ൽ 4,72,328 രൂപയും, 2002-2003-ൽ 5,52,014 രൂപയും ലഭിച്ചു.

ഡീസൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് തറക്കല്ലിട്ട സ്ഥലം

30 [3170] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡീസൽപ്ലാന്റ് സ്ഥാപിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിൽ തറക്കല്ലിട്ട സ്ഥലം വൈദ്യുതി ബോർഡിന്റെ കൈവശമാണോ;

(ബി) കൈവശമാണെങ്കിൽ എത്ര സ്ഥലമുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഡീസൽ പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലം നല്ലളത്തേക്ക് മാറ്റുവാൻ നിശ്ചയിച്ചതിനെത്തുടർന്ന് പ്രസ്തുത സ്ഥലം മറ്റെന്തെങ്കിലും ആവശ്യത്തിന് വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) അതെ.

(ബി) 3.67 ഏക്കർ.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly